# പാപത്തെ കീഴടക്കുന്നു

**ശബ്ബത്ത് സായാഹ്നം:**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: റോമ. 6; 1 യോഹ. 1:8–2:1.**

**മനഃപാഠവാക്യം: “നിങ്ങൾ ന്യായപ്രമാണത്തിനല്ല കൃപക്കത്രേ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ. ” (റോമ. 6:14).**

പ്രവൃത്തി നമ്മെ രക്ഷിക്കുന്നില്ലെങ്കിൽ പിന്നെ എന്തിന് അതിനെക്കുറിച്ച് ആവലാതിപ്പെടണം? എന്തുകൊണ്ട് തുടർന്നും പാപം ചെയ്തുകൂടാ?

ഈ പ്രധാന ചോദ്യത്തിനുള്ള ഉത്തരം റോമ. 6–ാം അദ്ധ്യായത്തിൽ പൗലൊസ് നൽകുന്നു. ഇവിടെ പൗലൊസിന്റെ പ്രതിപാദ്യ വിഷയം നാം സാധാരണ മനസ്സിലാക്കിയിട്ടുള്ള വിശുദ്ധീകരണം ആണ്. വിശുദ്ധീകരണം എന്നു പറഞ്ഞാൽ പാപത്തെ കീഴടക്കി ദൈവസ്വഭാവം കൂടുതലായി പ്രതിഫലിപ്പിക്കുക എന്നാണ്. റോമാലേഖനത്തിൽ വിശുദ്ധീകരണം എന്ന പദം രണ്ടുപ്രാവശ്യം മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. റോമ. 6:19 ലും പിന്നെ റോമ. 6:22 ലും ഹാഗിയാസ്മോസ് (hagiasmos) എന്ന ഗ്രീക്കു പദത്തിന്റെ മൊഴിമാറ്റിയ രൂപമാണ് ‘വിശുദ്ധീകരണം’. ഇംഗ്ലീഷിൽ ഈ രണ്ടു മൊഴിമാറ്റ വേദഭാഗങ്ങളിലും (holiness) എന്ന പദം ഉപയോഗിച്ചിരിക്കുന്നു. മലയാളത്തിൽ വിശുദ്ധീകരണം എന്നും.

സാധാരണ രീതിയിൽ ആളുകൾ വിശുദ്ധീകരണം എന്ന് മനസ്സിലാക്കിയിരിക്കുന്ന ഈ പ്രയോഗത്തെപ്പറ്റി പൗലൊസിന് ഒന്നും പറയാനില്ലേ? ഒന്നും തന്നെയില്ല എന്താണ് ഉത്തരം.

സാധാരണയായി, തിരുവചനത്തിൽ ‘വിശുദ്ധീകരിക്ക’ എന്നുപറഞ്ഞാൽ ദൈവത്തിന് പ്രതിഷ്ഠിക്കുക എന്നർത്ഥം. വിശുദ്ധീകരിച്ചു എന്നു പറഞ്ഞാൽ പൂർത്തീകരിക്കപ്പെട്ട പ്രവൃത്തിയെ സൂചിപ്പിക്കുന്നു. ഉദാഹരണമായി സകല വിശുദ്ധന്മാരോട്, (അ.പ്ര. 23:32) ഇവിടെ വിശുദ്ധീകരിക്കപ്പെട്ടവർ, എന്ന് രേഖപ്പെടുത്തിയിരിക്കുന്ന വാക്കിന്റെ നിർവചനം ദൈവത്തിന് പ്രതിഷ്ഠിക്കപ്പെട്ടവർ എന്നാണ്.

‘വിശുദ്ധീകരണം’ എന്ന ഈ തിരുവചന പദപ്രയോഗം, ഒരു കാരണവശാലും പ്രധാന അടിസ്ഥാന പ്രമാണമായ വിശുദ്ധീകരണത്തിന്റെ പ്രാധാന്യത്തെ നിഷേധിക്കുന്നില്ല. വിശുദ്ധീകരണമെന്നത് ജീവിതകാലം മുഴുവനുമുള്ള ഒരു പ്രവർത്തിയാണ്. വേദപുസ്തകം ഈ വിശ്വാസപ്രമാണത്തെ ശക്തമായി അനുകൂലിക്കുന്നു. എന്നാൽ ഇത് വിവരിക്കുന്നതിലേക്ക് സാധാരണയായി വേറെ പദങ്ങൾ ഉപയോഗിക്കുന്നു.

വിശ്വാസത്താലുള്ള രക്ഷയുടെ വേറൊരു വശമാണ് ഈ ആഴ്ചയിൽ നാം ചിന്തിക്കുന്നത്. യേശുക്രിസ്തുവിനാലുള്ള ഒരു പാപിയുടെ രക്ഷയുടെ വിജയ വാഗ്ദാനം പലപ്പോഴും തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്.

## എവിടെ പാപം പെരുകി

റോമ. 5:20 ൽ പൗലൊസ് വളരെ ശക്തമായ ഒരു പ്രസ്താവന നടത്തുന്നു. “എന്നാൽ ലംഘനം പെരുകേണ്ടതിന് ന്യായപ്രമാണവും ഇടയിൽ ചേർന്നുവന്നു. എങ്കിലും പാപം പെരുകിയേടത്ത് കൃപ അത്യന്തം വർദ്ധിച്ചു.” പാപം എത്രമാത്രം വർദ്ധിച്ചുകൊള്ളട്ടെ അല്ലെങ്കിൽ അതിന്റെ അനന്തരഫലം എത്രമാത്രം ഭീകരമായിരുന്നുകൊള്ളട്ടെ ദൈവത്തിന്റെ കൃപ അല്ലെങ്കിൽ കരുണ അത് പരിഹരിക്കാൻ മതിയായതാണ് എന്ന് പൗലൊസ് വ്യക്തമാക്കുന്നു. പ്രത്യേകിച്ച് നമ്മുടെ പാപത്തിന്റെ കാഠിന്യം വളരെ വലുതാണ്. അത് ക്ഷമിക്കത്തക്കതല്ല. എന്നാലും, നാം പരീക്ഷിക്കപ്പെടുമ്പോൾ പൗലൊസിന്റെ ഈ വാക്കുകൾ എന്ത് പ്രത്യാശയാണ് നമുക്ക് നൽകുന്നത്. റോമ. 5:21 ൽ പാപം മരണത്തിലേക്ക് നമ്മെ നയിക്കുന്നു. എന്നാൽ ദൈവത്തിന്റെ കൃപ കർത്താവായ യേശുക്രിസ്തു മുഖാന്തരം മരണത്തെ തോല്പിച്ച് (പരാജയപ്പെടുത്തി) നമുക്ക് നിത്യജീവൻ നൽകുന്നു.

**വായിക്കുക** റോമ. 6:1. എന്തു ന്യായമാണ് പൗലൊസ് ഇവിടെ കൈകാര്യം ചെയ്യുന്നത്? റോമ. 6:2-11. അങ്ങനെയുള്ള ചിന്താഗതിയിൽ പൗലൊസ് പ്രതികരിക്കുന്നുണ്ടോ?

എന്തുകൊണ്ടാണ്, നീതീകരിക്കപ്പെട്ട ഒരു വ്യക്തി പാപം ചെയ്യരുതെന്ന കൗതകപരമായ വിവാദ അഭിപ്രായം റോമ. 6-ാം അദ്ധ്യായത്തിൽ പൗലൊസ് ഉന്നയിക്കുന്നത്? ആരംഭമായി പൗലൊസ് പറയുന്നത് നാം പാപം ചെയ്യരുത്. കാരണം “പാപത്തിന് നാം മരിച്ചു കഴിഞ്ഞു”. കൂടുതൽ വ്യക്തത വരുത്തുന്നതിന് താൻ എന്താണ് അർത്ഥമാക്കുന്നതെന്ന് വിശദീകരിക്കുന്നു.

സ്നാനത്തിനായി വെള്ളത്തിൽ പൂർണ്ണമായി മുങ്ങുന്നത് ശവസംസ്കാരത്തെ പ്രതിനിധാനം ചെയ്യുന്നു. എന്താണ് സംസ്കരിച്ചത്? പാപിയായ പഴയ മനുഷ്യനെ എന്നുവെച്ചാൽ പാപം ചെയ്ത ശരീരത്തെ, പാപം ആധിപത്യം പുലർത്തിയ ശരീരത്തെ, പാപം ഭരിച്ച ശരീരത്തെയാണ് സംസ്കരിച്ചത്. തൽഫലമായി ഈ പാപമുള്ള ശരീരം നശിപ്പിക്കപ്പെട്ടു. അതിനാൽ പിന്നീട് നമ്മൾ പാപത്തെ താലോലിക്കുന്നില്ല. റോമർ. 6-ാം അദ്ധ്യായത്തിൽ പൗലൊസ് പാപത്തിന് ആളത്വം നൽകി, ദാസനെ ഭരിക്കുന്ന യജമാനനാക്കി. ഒരിക്കൽ പാപത്തെ താലോലിച്ച പാപപങ്കിലമായ ശരീരം നശിപ്പിക്കപ്പെട്ടാൽ, പാപത്തിന് അതിന്മേൽ (ശരീരത്തിന്മേൽ) ഉള്ള അധികാരം അവസാനിക്കുന്നു. വെള്ളമാകുന്ന ശവക്കല്ലറയിൽ നിന്നും പുറത്തുവരുന്ന വ്യക്തി പാപത്തെ പരിലാളിക്കാത്ത ഒരു പുതുസൃഷ്ടിയായി മാറുന്നു. അങ്ങനെയായി വരുന്ന ഒരു വ്യക്തി ജീവന്റെ പുതുക്കത്തിൽ നടക്കുന്നു.

യേശുക്രിസ്തു ഒരിക്കലായി എല്ലാവർക്കുമായിട്ടാണ് മരിച്ചത്. എന്നന്നേക്കുമായി ഇന്ന് അവൻ ജീവിക്കുന്നു. അതുകൊണ്ട് സ്നാനപ്പെട്ട ഒരു ക്രിസ്ത്യാനി പാപത്തിൽ ഒരിക്കലായി മരിച്ചു. പിന്നീടൊരിക്കലും പാപത്തിന്റെ അധികാര പരിധി യിൽ വരുന്നില്ല. ഏതൊരു സ്നാനപ്പെട്ട വ്യക്തിയും അറിയുന്നതുപോലെ പാപം നമ്മുടെ ജീവിതത്തിൽനിന്നും സ്വയം പ്രവർത്തിക്കുന്ന ഒരു യന്ത്രംപോലെ അപ്രത്യക്ഷമാകു

ന്നില്ല. വെള്ളത്തിൽനിന്നും പുറത്തേക്കു വരുമ്പോൾ പാപത്തിന്റെ മേധാവിത്വം ഇല്ലാതിരിക്കുമ്പോഴുള്ള നമ്മുടെ അവസ്ഥപ്പോലെയല്ല, പാപം നമ്മളിൽ കർത്തൃത്വം നടത്തുമ്പോൾ നമ്മുടെ അവസ്ഥ.

ഇതിൽനിന്നും അപ്പൊസ്തലൻ എന്താണ് അർത്ഥമാക്കുന്നതെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നു. ഈ മുഴുവൻ പ്രസ്താവനകളും ഒന്നിച്ച് ഇങ്ങനെ സാംശീകരിക്കാം. (1) നമ്മൾ പാപത്തിൽ മരിച്ചു. (2) നാം ദൈവത്തിൽ ജീവിക്കുന്നു. തുടർന്നും പാപം നമ്മുടെ ജീവിതത്തിൽ നിലനിന്നാലും നമ്മൾ ഇനിയും നമ്മുടെ പാപം നിറഞ്ഞ വികാരാവേശത്തിന് കീഴ്പ്പെടില്ല. എന്നിരുന്നാലും ഗലാ. 5:17 ൽ ഇപ്രകാരം വായിക്കുന്നു, "പാപം നമ്മുടെ ജീവിതാന്ത്യംവരെ നമ്മളിൽ കുടികൊള്ളും ജഡാഭിലാഷം ആത്മാവിനും ആത്മാഭിലാഷം ജഡത്തിനും വിരോധമായിരിക്കുന്നു. നിങ്ങൾ ഇച്ഛിക്കുന്നത് ചെയ്യാതവണ്ണം അവ തമ്മിൽ പ്രതികൂലമല്ലോ" അതു കൊണ്ട് എല്ലാ അപ്പൊസ്തലന്മാരും, വിശുദ്ധന്മാരും ഏറ്റു പറയുന്നത്, പാപവും, വികാരാവേശവും നമ്മളിൽ നമ്മുടെ ജീവിതാന്ത്യംവരെ കുടികൊള്ളുന്നുവെന്നാണ്. എന്നുവെച്ചാൽ ഒരു പുതിയ ശരീരം, വികാരാവേശങ്ങളും പാപവും ഇല്ലാത്ത ഒരു മഹത്വീകരിക്കപ്പെട്ട ശരീരം ലഭിക്കുന്നതുവരെ പാപം നമ്മിലുണ്ടായിരിക്കും" Martin Luther, Commentary on Romans, P.100.

**തിങ്കൾ** **നവംബർ 13**

**പാപം വാഴുമ്പോൾ**

**റോമ. 6:12 ൽ എന്ത് ഉപദേശമാണ് നമുക്ക് ലഭിക്കുന്നത്**

വാഴുക എന്ന വാക്ക് ഇവിടെ ഉപയോഗിച്ചിരിക്കുന്നതിൽ നിന്നും പാപത്തെ ഒരു രാജാവായി ഇവിടെ അവതരിപ്പിക്കുന്നു. 'വാഴുക' എന്ന് ഭാഷാന്തരം ചെയ്തിരിക്കുന്ന ഗ്രീക്ക് പദം അക്ഷരാർത്ഥത്തിൽ ഒരു രാജാവെന്നോ അല്ലെങ്കിൽ രാജാവായി പ്രവർത്തിക്കുന്ന ആൾ എന്നോ ആണ്. നമ്മുടെ മർത്യശരീരത്തിനുമേൽ രാജാവിനെപ്പോലെ വാഴുവാൻ പാപം അധികാരം എടുക്കുന്നു. എന്നിട്ട് നമ്മൾ എങ്ങനെ പെരുമാറണമെന്നത് നമ്മോട് ആജ്ഞാപിക്കുന്നു.

'പാപം ചെയ്യാതിരിക്ക' എന്ന് പൗലൊസ് പറയുമ്പോൾ ഒരു നീതികരിക്കപ്പെട്ട വ്യക്തി തന്റെ ജീവിതത്തിൽ പാപത്തിന്റെ എല്ലാ രാജകീയ അധികാര സാഹചര്യങ്ങളിൽ നിന്നും വേറിട്ടു ചെറുത്തു നില്ക്കണം. ഇവിടെയാണ് പ്രവൃത്തിയിൽ, നമ്മുടെ മനഃശക്തിയ്ക്കുള്ള സ്ഥാനം.

"ഈ കാതലായ സത്യം മനസ്സിലാക്കാൻ അത്യാവശ്യം വേണ്ടത് മനഃശക്തിയാണ്. സ്വാഭാവിക മനുഷ്യനെ നിയന്ത്രിക്കുന്ന ശക്തി, തിരഞ്ഞെടുപ്പിന്റെ ശക്തി, അതുതന്നെയാണ് തീരുമാനങ്ങൾ എടുക്കുന്നതിനു സഹായിക്കുന്ന ശക്തിയും, എല്ലാ നല്ല പ്രവൃത്തികളും മനസ്സിന്റെ ശരിയായ തീരുമാനത്തെ ആശ്രയിച്ചിരിക്കും. തീരുമാനം എടുക്കാനുള്ള അവകാശം ദൈവം മനുഷ്യന് കൊടുത്തിരിക്കുന്നത് അത് അവന് ഉപയോഗിക്കാൻ വേണ്ടിയാണ്. നിങ്ങൾക്ക് നിങ്ങളുടെ ഹൃദയത്തിന് പരിവർത്തനം ഉണ്ടാക്കാൻ കഴിയുകയില്ല. നിങ്ങൾക്ക് സ്വയമായി, നിങ്ങളുടെ ഹൃദയത്തിൽ നിന്നും ഉളവാകേണ്ട സ്നേഹവാത്സല്യങ്ങൾ ദൈവത്തിന് നൽകാൻ

നിങ്ങൾക്ക് സാദ്ധ്യമല്ല. എന്നാൽ ദൈവത്തിന് സേവ ചെയ്യാൻ നിങ്ങൾക്ക് തീരുമാനിക്കാം. നിങ്ങൾക്ക് നിങ്ങളുടെ ഇച്ഛാശക്തി ദൈവത്തിനായി സമർപ്പിക്കാം അങ്ങനെയെങ്കിൽ ദൈവം നിങ്ങളിൽ പ്രവർത്തിക്കും. ദൈവത്തിന്റെ ഇഷ്ടമനുസരിച്ച് അവൻ നമ്മളിൽ പ്രവർത്തിക്കും. അങ്ങനെ വരുമ്പോൾ നമ്മുടെ പ്രകൃതം മുഴുവൻ (സ്വഭാവ വൈശിഷ്ട്യം) യേശുക്രിസ്തുവിന്റെ ആത്മാവാൽ നിയന്ത്രിക്കപ്പെടും. നമ്മുടെ സ്നേഹവാത്സല്യങ്ങൾ മുഴുവനും യേശുക്രിസ്തുവിൽ കേന്ദ്രീകൃതമായിരിക്കും. ചിന്തകളും വികാരങ്ങളുമെല്ലാം ദൈവത്തിന്റെ ചിന്തകളോട് സമാനമുള്ളതായിരിക്കും" EGW, Steps to Christ, P. 47.

റോമ. 6:12-ൽ 'അത്യാസക്തി' എന്ന് മൊഴിമാറ്റം നടത്തിയിരിക്കുന്ന ഗ്രീക്കുപദം ഇംഗ്ലീഷിൽ മോഹം (lust) എന്ന് ഭാഷാന്തരം ചെയ്തിരിക്കുന്നു. ശക്തമായ ആഗ്രഹം എന്നാണ് അർത്ഥമാക്കുന്നത്. ഈ ആഗ്രഹങ്ങൾ നല്ല കാര്യത്തിനോ, ചീത്ത കാര്യത്തിനോ ആകാം. പാപം നമ്മിൽ കർത്തൃത്വം നടത്തുമ്പോൾ നമ്മുടെ ആഗ്രഹം ദുഷ്കാര്യങ്ങളിലേക്ക് ആയിരിക്കും. നമ്മുടെ സ്വന്തശക്തിയാൽ ഈ അമിതമായി വരുന്ന ആഗ്രഹങ്ങളെ ചെറുത്തു തോല്പിക്കാൻ സാദ്ധ്യമല്ല. പാപം നിഷ്ഠൂരനായ ഒരു സോച്ഛാധിപതിയെപ്പോലെയാണ്. ഒരിക്കലും തൃപ്തിവരാത്ത, വീണ്ടും, വീണ്ടും കൂടുതൽ വേണമെന്ന് ആവശ്യപ്പെട്ടു പിന്നാലെ കൂടുന്ന ഒരു നികൃഷ്ടൻ. വിശ്വാസത്തിൽക്കൂടെ മാത്രം ലഭിക്കുന്ന വിജയം ആവശ്യപ്പെട്ട് ദൈവത്തിന്റെ വാഗ്ദത്തത്തിനായി യാചിക്കണം. എന്നാൽ മാത്രമെ, ഈ മനസ്സലിവില്ലാത്ത യജമാനനെ നിഷ്കാസനം ചെയ്യാൻ സാധിക്കു.

റോമ. 6:12 വളരെ പ്രത്യേകത അർഹിക്കുന്ന വേദഭാഗമാണ്. റോമ.6:10,11 ഭാഗങ്ങളിൽ, മുന്നമേ ചർച്ചചെയ്ത, ഭാഗവുമായി ചേർന്നു പോകുന്നതാണ്. സ്നാനപ്പെട്ട്, ദൈവത്തിനു ജീവിക്കുക എന്നുവെച്ചാൽ, ദൈവമാണ് ആ വ്യക്തിയുടെ പുതുജീവിതത്തിന്റെ കേന്ദ്രബിന്ദു. ആ വ്യക്തി ദൈവത്തിന് സേവചെയ്യുന്നു. ദൈവം ഇഷ്ടപ്പെടുന്നത് ചെയ്യുന്നു. അതുകൊണ്ട് പാപവും, ദൈവേഷ്ടവും ഒരു വ്യക്തിക്ക് ഓരേ സമയം ചെയ്യാൻ കഴിയുകയില്ല. അവർ യേശുക്രിസ്തുമൂലം ദൈവത്തിന് ജീവിക്കുന്നവരായിരിക്കും.

**എലൻ ജി. വൈറ്റിന്റെ എഴുത്തുകളിലേക്ക് മടങ്ങിപ്പോകാം. തെരഞ്ഞെടുപ്പിന്റെ അവകാശം ഉണ്ട് എന്നുള്ളത് എത്രമാത്രം ശ്രേഷ്ഠമായ ആശയം ഉൾക്കൊള്ളുന്നതാണ്. തെരഞ്ഞെടുപ്പ് നന്മയും തിന്മയുമാകാം, തെറ്റും ശരിയുമാകാം, ക്രിസ്തുവോ ലോകമോ ആകാം. വരാനിരിക്കുന്ന 24 മണിക്കൂർ, നിങ്ങളുടെ സാന്മാർഗ്ഗിക ഹൃദയത്തിന്റെ പാത എന്നുവച്ചാൽ നിങ്ങളുടെ മനഃസാക്ഷി എന്തു തെരഞ്ഞെടുക്കുന്നു എന്നുള്ളത് ശ്രദ്ധാപൂർവ്വം വീക്ഷിക്കുക. നിങ്ങൾക്ക് അനുഗ്രഹമായി ലഭിച്ച മനഃസാക്ഷി എന്ന പവിത്രദാനം നിങ്ങൾ നന്നായി ഉപയോഗിച്ചോ അതോ ദുരുപയോഗം ചെയ്തോ?**

**ചൊവ്വ** **നവംബർ 14**

**ന്യായപ്രമാണത്തിൻ കീഴിലല്ല എന്നാൽ കൃപയിൻ കീഴിലാണ്.**

റോമ. 6:14 വായിക്കുക. ഈ തിരുവചനഭാഗം നിങ്ങൾ എങ്ങനെ മനസ്സിലാക്കി? പത്തു കല്പന ഇനിയും നമുക്കാവശ്യമില്ല എന്നാണോ ഈ വചനഭാഗം അർത്ഥമാക്കുന്നത് ? അങ്ങനെയല്ലായെങ്കിൽ പിന്നെയെങ്ങനെ?

റോമ. 6:14 റോമാ ലേഖനത്തിലെ മർമ്മപ്രധാനമായ വാക്യങ്ങളിൽ ഒന്നാണ് സെവന്ത് ഡേ അഡ്വന്റിസ്റ്റുകാരായ വിശ്വാസികളോട്, മറ്റു സഭാവിശ്വാസികൾ സാധാരണയായി പറയുന്ന ഒരു വാചകമാണ് "നിങ്ങളുടെ ശബ്ബത്ത് മാറിപ്പോയി. ഇനിയും അനുസരിക്കേണ്ടതില്ല."

എന്നാൽ ഈ വേദഭാഗം അങ്ങനെയല്ല അർത്ഥമാക്കുന്നതെന്ന് വളരെ വ്യക്തമായി കാണാൻ കഴിയും. നേരത്തെ ചോദിച്ചതുപോലെ, പാപം ഇപ്പോഴും ഒരു സത്യമായി നിലനിൽക്കേ എങ്ങനെ സാന്മാർഗ്ഗിക നിയമങ്ങൾ മാറിപ്പോയി എന്നവകാശപ്പെടാൻ കഴിയും? പാപത്തെ നിർവചിക്കുന്നത് സാന്മാർഗ്ഗിക ന്യായപ്രമാണം ആണ്. റോമാലേഖനം മുഴുവൻ വായിച്ചാൽ, പ്രത്യേകിച്ച് 6-ാം അദ്ധ്യായം മുഴുവൻ ശ്രദ്ധാപൂർവ്വം വായിച്ചാൽ, പാപവും അതിന്റെ യാഥാർത്ഥ്യവും വായിക്കുകയും അതിനെക്കുറിച്ച് വളരെ വിശദമായി ചർച്ച ചെയ്യുകയും ചെയ്തിട്ട് പെട്ടെന്നു, പാപവും അതിന്റെ നിർവചനവും പറയുന്ന സാന്മാർഗ്ഗിക ന്യായപ്രമാണം നീങ്ങിപ്പോയി എന്ന് പൗലൊസ് പറയുമെന്ന് വിശ്വസിക്കാൻ തരമില്ല. അങ്ങനെ വിശ്വസിക്കുന്നത് വിവേകശൂന്യതയാണ്.

റോമാലേഖനത്തിൽ പൗലൊസ് പറയുന്നത്, ന്യായപ്രമാണത്തിൻ കീഴിൽ ജീവിക്കുന്ന ഒരു വ്യക്തി, എന്നുവച്ചാൽ, യെഹൂദാ സമ്പദ്ഘടനയുടെ ഭാഗമായുള്ള മനുഷ്യനിർമ്മിത നിയമങ്ങളും ചട്ടങ്ങളും, പ്രത്യേകിച്ച് പൗലൊസിന്റെ ജീവിത കാലയളവിൽ പാലിച്ചിരുന്ന എല്ലാ നിയമങ്ങളെയും പാപം നിയന്ത്രിച്ചിരുന്നു. വേറൊരു വശം ചിന്തിച്ചാൽ കൃപയിൻ കീഴിൽ ഒരു വ്യക്തി ജീവിച്ചാൽ അവന് പാപത്തിൻ മേൽ ജയം ഉണ്ട്. കാരണം ന്യായപ്രമാണം ഒരുവന്റെ ഹൃദയത്തിൽ എഴുതിയിട്ടുണ്ട്. മത്രമല്ല ദൈവത്തിന്റെ ആത്മാവ് അവരുടെ ഓരോ കാൽ വെയ്പ്പിലും വഴികാട്ടിയായി കൂടെയുണ്ട്. യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുന്ന ഒരു വ്യക്തി യേശുക്രിസ്തുവിനാൽ നീതികരിക്കപ്പെടുന്നു. അവന്റെ മരണത്താൽ സ്നാനപ്പെട്ടു. ജീവന്റെ പുതുക്കത്തിൽ നടക്കുന്നതിനായി ഉയർക്കപ്പെട്ടു. ഈ വക കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ നിന്നും പാപത്തെ നിഷ്കാസനം ചെയ്യപ്പെട്ടോ? ഓർക്കുക, ഇതാണ് റോമ. 6:14. ഈ വാക്യത്തിന്റെ സന്ദർഭം പാപത്തിന്റെ മേലുള്ള വിജയം ആണ്.

'ന്യായപ്രമാണത്തിൻ കീഴിൽ' എന്ന ഭാഗം വളരെ ലളിതമായി നിർവചിച്ചാൽ മതിയാകും. ഒരു വ്യക്തി കൃപയ്ക്ക് കീഴിൽ ജീവിക്കുകയും ദൈവത്തിന്റെ ന്യായപ്രമാണം അനുസരിക്കാതിരിക്കുകയും ചെയ്താൽ ആ വ്യക്തിയ്ക്ക് കൃപ ലഭിക്കുന്നില്ല. എന്നു മാത്രമല്ല ശിക്ഷാവിധിയിൽ ആയിത്തീരുകയും ചെയ്യും. 'കൃപയുടെ കീഴിൽ' എന്നു പറഞ്ഞാൽ യേശുക്രിസ്തുവിൽ കൂടെ ദൈവം നൽകുന്ന കൃപമൂലം, പാപിയുടെമേൽ ന്യായപ്രമാണം വിധിക്കുന്ന, ഒഴിച്ചുകൂടാനാവാത്ത ശിക്ഷാവിധി പരിപൂർണ്ണമായി മാറ്റപ്പെടുന്നു. ഇങ്ങനെ ന്യായപ്രമാണം കൊണ്ടുവന്ന മരണശിക്ഷയിൽ നിന്നും ഒഴിവുള്ളവരായി നമ്മൾ പുതുജീവൻ പ്രാപിക്കുന്നു. ഈ പുതുപുത്തൻ ജീവിതം, സ്വയത്തെ മരിക്കാൻ അനുവദിക്കുന്നതിന്റെ തെളിവാണ്. അങ്ങനെയെങ്കിൽ പിന്നീടൊരിക്കൽപ്പോലും നാം പാപത്തിനടിമകളല്ല.

പുതിയ ജീവിതത്തിന്റെ യഥാർത്ഥ്യം എങ്ങനെ നിങ്ങൾക്ക് അനുഭവപ്പെടുന്നു? കർത്താവ് നിങ്ങൾക്കു ചെയ്ത കാര്യങ്ങളെക്കുറിച്ച് എന്ത് സ്പഷ്ടമായ തെളിവ് നിങ്ങൾക്ക് കാണിക്കാനുണ്ട്? ഏതൊക്കെ മേഖലകളാണ് നിങ്ങൾ പോകാൻ ഇഷ്ട പ്പെടാത്തത്? എന്തുകൊണ്ട് അങ്ങനെ പോകാൻ അനുവദിക്കുന്നു?

**ബുധൻ** **നവംബർ 15**

**പാപമോ, അനുസരണമോ**

പൗലൊസ് വീണ്ടും പഴയ ആശയത്തിലേക്കുതന്നെ വരുന്നു. പുതിയ വിശ്വാസ ജീവിതം വീണ്ടും പാപം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം നൽകുന്നില്ല. വിശ്വാസ ജീവിതം പാപത്തിന്മേൽ ജയം ഉറപ്പുതരുന്നു. അല്പംകൂടി ഊന്നൽ കൊടുത്തു പറഞ്ഞാൽ, നമുക്ക് വാഗ്ദത്തം ചെയ്തിരിക്കുന്ന വിജയം വിശ്വാസത്തിൽക്കൂടെ മാത്രമേ ലഭ്യമാകൂ.

പൗലൊസ് പാപത്തിന്, രാജാവായി ആൾരൂപം കല്പിച്ചുകൊടുക്കുന്നു. വീണ്ടും പൗലൊസ് പാപത്തിന്, തന്റെ വേലക്കാരുടെ അനുസരണം ആവശ്യപ്പെടുന്ന ഒരു യജമാനന്റെ ഭാവം കൊടുക്കുന്നു. ഒരു വ്യക്തിക്ക്, യജമാനനെ തിരഞ്ഞെടുക്കാനുള്ള അവകാശം ഉണ്ടെന്ന് പൗലൊസ് പറയുന്നു. ഒന്നുകിൽ അവന് പാപത്തെ തിരഞ്ഞെ ടുക്കാം. അത് അവനെ മരണത്തിലേക്ക് നയിക്കും. അല്ലെങ്കിൽ അവന് നീതിയെ (വിശുദ്ധിയെ) സ്നേഹിക്കാം. അത് അവനെ നിത്യജീവനിലേക്ക് നയിക്കും പൗലൊസ് ഒരിക്കലും നമ്മെ മദ്ധ്യഭാഗത്തായി നിർത്തി അനുരഞ്ജനത്തിന് ശ്രമിക്കുന്നില്ല. ഒന്നുകിൽ ഇത് അല്ലെങ്കിൽ അത്. അവസാനം ഒന്നുകിൽ നിത്യജീവൻ അല്ലെങ്കിൽ നിത്യനാശം. അത് നാം അഭിമുഖീകരിക്കണം.

**വായിക്കുക റോമ.6:17; റോമ.6:16 ൽ പറഞ്ഞത് ഒന്നുകൂടി പൗലൊസ് എങ്ങനെ വിപുലീകരിക്കുന്നു.**

എത്ര രസാവഹമായി പൗലൊസ് അനുസരണത്തെ അടിസ്ഥാന വിശ്വാസ പ്രമാണവുമായി കോർത്തിണക്കി എന്നത് ശ്രദ്ധിക്കുക. വിശ്വാസപ്രമാണം എന്ന ഗ്രീക്കു പദത്തിന്റെ സമാനപദം 'അഭ്യസിപ്പിക്ക' എന്നാണ്. റോമയിലുള്ള ക്രിസ്ത്യാ നികളെ വാസ്തവമായി ക്രിസ്തീയ തത്വങ്ങൾ പഠിപ്പിക്കാൻ പൗലൊസ് തീരു മാനിച്ചു. ഇപ്പോൾ അതവർ അനുസരിക്കുന്നു ശരിയായ നിയമങ്ങളും അടിസ്ഥാന വിശ്വാസ പ്രമാണങ്ങളും റോമാക്കാരായ ക്രിസ്ത്യാനികൾ, ഹൃദയാന്തർഭാഗത്തു നിന്നും അനുസരിക്കുമ്പോൾ അവർ നീതിക്ക് ദാസന്മാർ ആയിത്തീരുന്നു (റോമ. 6:18). എന്നാൽ എല്ലാ നിയമങ്ങളും ആദിയോടന്തം അനുസരിക്കേണ്ടതില്ല എന്ന് ചിലർ പറയുന്നുണ്ട്. നാം സ്നേഹം കാണിക്കുന്നിടത്തോളം കുഴപ്പമില്ല. ലഘുവല്ലാത്ത കാര്യത്തിന്റെ ലഘുവായ അവതരണം മുൻ ആഴ്ചകളിലെ ഒരു പഠനത്തിൽ ഗലാത്യ സഭകളിലെ തെറ്റായ പഠനരീതിയോട് പൗലൊസ് നഖശിഖാന്തം എതിർപ്പ് പ്രകടി പ്പിച്ചു. അതുകൊണ്ട് നമ്മൾ ശ്രദ്ധാലുക്കൾ ആയിരിക്കണം. സത്യസന്ധമായി തിരു വചനം പഠിപ്പിക്കുന്നവരെ പുച്ഛിച്ചു തള്ളുന്നവരെ നാം സൂക്ഷിക്കണം.

പാപത്തിന്റെ ദാസന്മാർ, നീതിയുടെ ദാസന്മാർ ഇവ തമ്മിലുള്ള വ്യത്യാസം വളരെ വിരസമാണ്. സ്നാനത്തിനുശേഷം നാം പാപം ചെയ്താൽ അതിന്റെ അർത്ഥം

നാം രക്ഷിക്കപ്പെട്ടില്ല എന്നാണോ? വായിക്കുക 1 യോഹ. 1:8;2:1. യേശുക്രിസ്തുവിന്റെ അനുയായി ആയാലും, വീഴ്ച സംഭവിക്കാൻ സാദ്ധ്യതയുണ്ടെന്നു മനസ്സിലാക്കാൻ ഈ വേദഭാഗം എങ്ങനെ സഹായിക്കുന്നു.

**വ്യാഴം** **നവംബർ 16**

**പാപത്തിൽനിന്നും**

റോമർ ആറാം അദ്ധ്യായത്തിൽ ഇതുവരെ നാം പഠിച്ച ഭാഗം മനസ്സിൽവച്ചുകൊണ്ട് റോമ. 6:19 –23 വരെയുള്ള വേദഭാഗം വായിക്കുക. പൗലൊസ്, ഇവിടെ പറയുന്ന കാതലായ സത്യം നിങ്ങളുടെ ജീവിതത്തിൽ എപ്രകാരം പ്രാവർത്തികമാക്കാം?

റോമ. 6:19–23 വരെയുള്ള വേദഭാഗങ്ങളിൽ നിന്നും നമുക്ക് മനസ്സിലാകുന്നത്, വീഴ്ച ഭവിച്ച മനുഷ്യവർഗ്ഗത്തിന്റെ പ്രകൃതിയെങ്ങനെയായിരിക്കുമെന്ന് പൗലൊസിന് നല്ല വ്യക്തതയുണ്ടെന്നാണ്. മനുഷ്യന്റെ ജഡത്തിന്റെ ബലഹീനതയെക്കുറിച്ചാണ് പൗലൊസ് ഇവിടെ സംസാരിക്കുന്നത്. ബലഹീനതയെന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന ഗ്രീക്കു പദത്തിന്റെ അർത്ഥം 'ദൗർബല്യം' എന്നാണ്. വീഴ്ച ഭവിച്ച മനുഷ്യപ്രകൃതിയെ ഏകാന്തമായി വിട്ടാൽ എന്തു സംഭവിക്കുമെന്ന് പൗലൊസിനറിയാം. ഇവിടെ തിരഞ്ഞെടുപ്പിന്റെ അവകാശം ഉപയോഗിക്കാൻ അപ്പൊസ്തലൻ വീണ്ടും ആവശ്യപ്പെടുന്നു. നമുക്ക് കീഴ്പ്പെടൽ ആവശ്യമാണ്. നമ്മുടെ ബലഹീന ജഡത്തിന് യേശു എന്ന പുതിയ യജമാനനെ തേടണം. അവൻ നമ്മെ നീതിയോടെ ജീവിക്കാൻ സഹായിക്കും.

റോമ.6:23. സാധാരണ ഈ വേദ ഭാഗം ഉദ്ധരിക്കുന്നത് പാപം ചെയ്താൽ ഉള്ള ശിക്ഷ ബോദ്ധ്യപ്പെടുത്താനാണ്. എന്നുവച്ചാൽ കല്പനാ ലംഘനത്തിന്റെ ശിക്ഷ മരണം. തീർച്ചയായും "പാപത്തിന്റെ ശമ്പളം മരണം അത്രേ" മരണം പാപത്തിന്റെ ശമ്പളം ആണെന്നു മാത്രമല്ല, പൗലൊസ് പാപത്തെക്കുറിച്ച് റോമ. 6–ാം അദ്ധ്യായത്തിൽ പറയുന്ന കാര്യങ്ങൾകൂടി നാം ഗ്രഹിച്ചിരിക്കണം. പാപം ഒരു യജമാനനായി തന്റെ ദാസന്മാരുടേമേൽ കർത്തൃത്വം നടത്തുന്നു. മരണം ശമ്പളമായി വാങ്ങത്തക്കരീതിയിൽ അവരെ വഞ്ചിക്കുന്നു.

ശ്രദ്ധിക്കൂ - പൗലൊസ് രണ്ട് യജമാനന്മാരെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ അപ്പൊസ്തലൻ തന്റെ ശ്രോതാക്കളുടെ ശ്രദ്ധയെ ക്ഷണിക്കുന്നത് ഒരു പ്രത്യേക വിഷയത്തിലേക്കാണ്. ഒരു യജമാനന്റെ സേവനം എന്നത് മറ്റേ യജമാനന്റെ സേവനത്തിൽനിന്നുമുള്ള സ്വാതന്ത്ര്യം ആണ്. ഇതിന്റെ രണ്ടിന്റെയും മദ്ധ്യേ ഒരു പാതയില്ല പാപത്തിന്റെ പിടിയിൽനിന്നുള്ള മോചനം എന്നു പറഞ്ഞാൽ പാപരഹിത ജീവിതം എന്ന് അർത്ഥമില്ല. പ്രശ്നരഹിത ജീവിതമായിരിക്കും മുമ്പിലുള്ളതെന്നും അർത്ഥമില്ല. മാത്രമല്ല വീഴ്ചയും ഭവിക്കും. അത് അർത്ഥമാക്കുന്നത് പാപം നമ്മിൽ ഇനിയും ആധിപത്യം നടത്തുന്നില്ല എന്നാണ്. അതൊരു സത്യമായി നമ്മിൽ നിലനിൽക്കുന്നു. നിത്യവും പാപത്തിൻമേൽ ജയം നേടുന്നതിനുള്ള ശക്തിക്കായി ദൈവത്തോട് അപേക്ഷിക്കണം. ശക്തി ചോദിച്ചു വാങ്ങണം.

അങ്ങനെ ഈ വേദഭാഗം പാപത്തെ സേവിക്കുന്നവരോടുള്ള ശക്തമായ ഒരപേക്ഷയാണ്. അവജ്ഞ ഉളവാക്കുന്ന പ്രവൃത്തി ചെയ്യുന്നവർക്ക് പ്രതിഫലമായി ഈ സ്വേച്ഛാധിപതിയ്ക്ക് നൽകാനുള്ളത് മരണം മാത്രമാണ്. അതുകൊണ്ട് ശരിയ്ക്കും ചിന്തിക്കുന്ന ഒരാൾ ആഗ്രഹിക്കേണ്ടത് ഈ നിഷ്ഠൂര സ്വേച്ഛാധിപതിയിൽ നിന്നുമുള്ള വിമോചനം ആണ്. നീതിയെ സേവിക്കുന്നവർ നേരായ, പ്രശംസനീയമായ പ്രവൃത്തികൾ ചെയ്യുന്നു. രക്ഷ പ്രാപിക്കുമെന്ന കണക്കുകൂട്ടലുകളിൽ അല്ല അവർ അപ്രകാരം ചെയ്യുന്നത്. പിന്നെ, അവരുടെ ക്രിസ്തീയ ജീവിതാനുഭത്തിന്റെ ഫലമാണവരുടെ പ്രവൃത്തി. രക്ഷ നേടാം എന്ന ലക്ഷ്യത്തോടെയാണ് അവരുടെ സൽപ്രവൃത്തികൾ എങ്കിൽ സുവിശേഷത്തിന്റെ അന്തസത്ത അവർക്ക് നഷ്ടപ്പെടും. രക്ഷയുടെ മുഴുവൻ സന്തോഷവും അവർക്ക് നഷ്ടപ്പെടും. എല്ലാറ്റിനുപരി യേശുക്രിസ്തുവിനെ എന്തിനവർക്കാവശ്യം, ആ ലക്ഷ്യവും നഷ്ടപ്പെടും.

**വെള്ളി** **നവംബർ 17**

**കൂടുതൽ ചിന്ത: വായിക്കുക**. EGW "Victory Appropriated," PP. 105, 106, in Messages to young People; The True Motive on Service," PP 93-95, in Thoughts from the Mount of Blessing; "Appeal to The Young" P. 365, in Testimonies for the Church, Vol. 3 PP. 1074, 1075, in the SDA Bible Commentary, Vol. 6

യേശുക്രിസ്തു പാപത്തിന് അനുവാദം കൊടുത്തിട്ടില്ല. ഒരു ചിന്തകൊണ്ടുപോലും യേശു പരീക്ഷയ്ക്ക് കീഴ്പ്പെട്ടിട്ടില്ല. നമ്മളും അങ്ങനെതന്നെ ആയിരിക്കണം. യേശുവിന്റെ മനുഷ്യത്വം ദൈവികത്വവുമായി യോജിച്ചിരുന്നു. അവനിൽ വസിച്ചിരുന്ന പരിശുദ്ധാത്മാവിന്റെ നിറവിൽ അവൻ സംഘട്ടനത്തിന് തയ്യാറായിരുന്നു. അവൻ ഭൂമിയിൽ വന്നത് നമ്മെക്കൂടി അവന്റെ ദൈവീക പ്രകൃതിയിൽ പങ്കുകാരനാകാനാണ്. വിശ്വാസത്താൽ അവനുമായി ഒന്നിച്ചു ചേർന്നിരിക്കുന്നിടത്തോളം പാപത്തിനു നമ്മുടെമേൽ ഒരു കർത്തൃത്വവും ഇല്ല. ദൈവം നമ്മുടെ വിശ്വാസത്തിന്റെ കാര്യത്തിനായി തന്റെ കരം നീട്ടുന്നു. യേശുവിന്റെ ദൈവീകത്വവുമായി മുറുക്കിപ്പിടിക്കുന്നതിലേക്ക് നമ്മുടെ കരം സ്വീകരിക്കുന്നു. തൻമൂലം ദൈവത്തിന്റെ സ്വഭാവത്തിന്റെ പൂർണ്ണത നമുക്കു നേടാൻ കഴിയും.

സ്നാനസമയത്ത് നമ്മൾ എടുത്ത തീരുമാനം സാത്താനും അവന്റെ അനുയായികളുമായുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിക്കുമെന്നും, നമ്മുടെ ഹൃദയവും മനസ്സും ആത്മാവും ഒന്നിച്ച് ദൈവരാജ്യത്തിന്റെ വികസനത്തിനായി പ്രവർത്തിക്കും എന്നാണ്.

പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നിച്ച് എടുത്ത തീരുമാനം, വിശുദ്ധീകരണം പ്രാപിച്ച ദൈവമക്കളുമൊത്ത് ഒന്നിച്ച് പ്രവർത്തിക്കും. EGW, Comments, The SDA Bible Commentary, Vol. 6, P. 1075.

ക്രിസ്ത്യാനിത്വത്തിനു അനുരൂപമായ വിശ്വാസവും പ്രവൃത്തിയുമില്ലെങ്കിൽ ഒന്നും നേടുന്നില്ല. ഒരാൾക്കും രണ്ടു യജമാനന്മാരെ സേവിക്കാൻ സാദ്ധ്യമല്ല. ദുഷ്ടസന്തതികൾ അവരവരുടെ തന്നെ യജമാനന്മാരുടെ ദാസന്മാർ ആണ്. ദാസന്മാരായി, അനുസരിക്കാൻ അവർ അവർക്കുതന്നെ കീഴ്പ്പെട്ടിരിക്കുന്നു. അവർ സാത്താന്റെ

ദാസന്മാർ ആണ്. അവർക്ക് ദൈവത്തിന്റെ ദാസന്മാർ ആയിത്തീരാൻ സാദ്ധ്യമല്ല. അവർ പിശാചിനെയും അവന്റെ പ്രവൃത്തികളെയും തള്ളിപ്പറഞ്ഞ് അവനുമായുള്ള ബന്ധം പരിപൂർണ്ണമായി ഉപേക്ഷിച്ചെങ്കിൽ മാത്രമേ ദൈവത്തിന്റെ ദാസന്മാർ ആയിത്തീരാൻ കഴിയുകയുള്ളൂ. സ്വർഗ്ഗീയ രാജാവിന്റെ ദാസന്മാരായവർ, സാത്താന്റെ ദാസന്മാർ, ഏർപ്പെടുന്ന ജഡിക സന്തോഷങ്ങളിലും, നേരമ്പോക്കുകളിലും ഏർപ്പെടാൻ പാടില്ല. അവർ എത്ര നിരുപദ്രവകാരികൾ ആയാൽപ്പോലും അവരുമായി ഒരു ചങ്ങാത്തവും പാടില്ല. ദൈവം വിശുദ്ധവും പരിശുദ്ധവുമായ സത്യം വെളിപ്പെടുത്തിയിട്ടുണ്ട്. ദൈവഭയമില്ലാത്തവരിൽ നിന്നും ദൈവമക്കളെ, വേർതിരിച്ച് ദൈവത്തിനായി നിർമ്മലീകരിക്കുന്നു. സെവന്ത് ഡേ അഡ്വന്റിസ്റ്റുകാർ വിശ്വസ്തരായി ജീവിക്കണം. EGW, Testimonies for the Church, Vol. 1, P. 404.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

1. പാപത്തിന്മേൽ ജയം പ്രാപിക്കുന്നതിനുള്ള അത്ഭുത വാഗ്ദത്തങ്ങൾ നമുക്ക് ലഭിച്ചിട്ടുണ്ട് എങ്കിലും, വീണ്ടും ജനിച്ച ക്രിസ്ത്യനികളായ നാം, വീഴ്ച ഭവിച്ചവരായിരുന്നു എന്ന അറിവ് നമുക്കുണ്ടോ? നമ്മൾ പാപികളായിരുന്നു എന്നും, ഹൃദയം ദുഷ്ടത നിറഞ്ഞതാണെന്നും ബോദ്ധ്യമുണ്ടോ? എന്തെങ്കിലും എതിരഭിപ്രായമുണ്ടോ? നിങ്ങളുടെ ഉത്തരം ക്ലാസിൽ ചർച്ച ചെയ്യുക.
2. യേശുക്രിസ്തു നിങ്ങൾക്ക് എന്തു ചെയ്തു? എന്തു മാറ്റം നിങ്ങളുടെ ജീവിതത്തിൽ വന്നു? യേശുക്രിസ്തുവിൽ പുതിയൊരു ജീവിതം സാദ്ധ്യമോ?
3. നമ്മുടെ രക്ഷ യേശുക്രിസ്തുവിലാണെന്ന് നാം എപ്പോഴും ഓർക്കണം. രക്ഷയുടെ മറ്റു ഘടകങ്ങൾക്ക് പ്രാധാന്യം കൊടുക്കാതെ എന്നുവച്ചാൽ, നമ്മെ ദൈവത്തിന്റെ സ്വരൂപത്തിൽ ആക്കിമാറ്റാൻ യേശുക്രിസ്തു നമ്മിൽ വരുത്തിയ മാറ്റം മനസ്സിലാക്കാതെ സത്യത്തിനു മാത്രം ഊന്നൽ കൊടുത്താൽ അത് വലിയ അപകടം ആണ്. രക്ഷയുടെ ഈ രണ്ടു വശവും എന്തുകൊണ്ട് നാം മനസ്സിലാക്കണം?